**ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ(മെഡിക്കൽ&ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) ന്റെ നടപടിക്രമം**

വിഷയം:- ആവഡ-ജീവനക്കാര്യം-കേരള പബ്ലിക് സർവീസ് കമ്മീഷന്റെ നിയമന ശിപാർശ പ്രകാരം കോബ്ലർ തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം സെക്രട്ടറിയുടെ 23/07/2024 തീയതിയിലെ RIE(3) 12117/17/GW നമ്പർ നിയമന ശിപാർശ.

**ഉത്തരവ് നം : ഇ.എഫ്.1-7966/2023/ആവഡ തീയതി : 03-09-2024**

കേരള പബ്ലിക് സർവീസ് കമ്മീഷൻ, തിരുവനന്തപുരം സെക്രട്ടറിയുടെ പരാമർശത്തിലെ നിയമനശിപാർശ പ്രകാരം താഴെ പറയുന്ന ഉദ്യോഗാർത്ഥിയെ കോബ്ലർ തസ്തികയിൽ 24400-55200/-രൂപ ശമ്പളസ്കെയിലിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| **പേര്/ മേൽവിലാസം** | **രക്ഷകർത്താവ്/പിതാവിന്റെ പേര്** | **ജനന തീയതി** | **വിദ്യാഭ്യാസ യോഗ്യത** | **നിലവിലെ ശുപാർശ(ഒ.സി/ ബി.സി)** | **നിയമനം നൽകുന്ന സ്ഥാപനം** |
|---|---|---|---|---|---|
| വിമൽ ദാസ്.വി.വി<br>വിജയ് വില്ല.<br>കണക്കോട്,<br>തിരുവനന്തപുരം<br>പിൻ-695125 | വിജയദാസ്.റ്റി | 20-11-1996 | CBSE X th | BC | ജില്ലാ ആശുപത്രി, എറണാകുളം |

ടി ഉദ്യോഗാർത്ഥി ഉത്തരവ് കൈപ്പറ്റി 15 ദിവസങ്ങൾക്കുള്ളിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ(മെഡിക്കൽ&ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ) മുമ്പാകെ താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകേണ്ടതാണ്.

1. വയസ്സ്, യോഗ്യത ഇവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ
2. സർക്കാർ സിവിൽ സർജ്ജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസറിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ്.
3. നിയമന ശുപാർശ പ്രകാരം ഉദ്യോഗാർത്ഥി സംവരണവിഭാഗത്തിൽപ്പെട്ടതാണെങ്കിൽ ആയത് തെളിയിക്കുന്ന ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സൽ.
4. കേരള പബ്ളിക് സർവീസ് കമ്മീഷന്റെ നിയമന ശിപാർശ.
5. സമ്മതിദായക തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്.

ഉദ്യോഗാർത്ഥി 15 ദിവസത്തിനുള്ളിൽ നിയമനത്തിനായി റിപ്പോർട്ട് ചെയ്യാതിരിക്കുകയും, സർവീസിൽ പ്രവേശിക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെടാതിരിക്കുകയും ചെയ്താൽ പകരക്കാരന്റെ നിയമനശിപാർശക്കായി കേരള പബ്ലിക് സർവീസ് കമ്മീഷനിൽ ആവശ്യപ്പെടുന്നതായിരിക്കും.

ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ 3 വർഷ സേവനകാലയളവിൽ 2 വർഷം പ്രൊബേഷനിലായിരിക്കും. 14-12-2010 ലെ ഗവ. ഉത്തരവ് ജി.ഒ(പി) 41/2010/പി&എ.ആർ.ഡി പ്രകാരം താങ്കളുടെ നിയമനം കേരള പബ്ലിക് സർവീസ് കമ്മീഷന്റെ പരിശോധനയ്ക്ക് വിധേയമായി മാത്രം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

പ്രവേശന സമയത്ത് ഹാജരാക്കുന്ന രേഖകൾ തെറ്റായതോ വ്യാജമായതോ ആയി വകുപ്പുതല പരിശോധനയിൽ ബോധ്യപ്പെടുന്ന പക്ഷം താങ്കൾക്ക് നൽകിയ നിയമനം റദ്ദാക്കുന്നതാണ്. 03/04/2013 തീയതിയിലെ ഗവ.ഉത്തരവ് ജി.ഒ(പി) നം.149/2013/ഫിൻ പ്രകാരം 01/04/2013 നോ

അതിനുശേഷമോ ജോലിയിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ ബാധകമാണ്. കേരള സർക്കാർ ധനകാര്യ പെൻഷൻ (എ) വകുപ്പിന്റെ 14/07/2014 തീയതിയിലോ അതിനുമുൻപോ കേരള സർക്കാർ ജോലിയിൽ പ്രവേശിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾ നിർവചിത പെൻഷൻ പദ്ധതിയിൽ തുടരുന്നതിന് പുതുതായി നിയമിക്കപ്പെട്ട തസ്തികയിൽ പ്രവേശിച്ച ശേഷം മൂന്ന് മാസങ്ങൾക്കുള്ളിൽ നിശ്ചിത പ്രൊഫോർമയിൽ നിയമനാധികാരിക്ക് അപേക്ഷ നൽകേണ്ടതാണ്. 31/12/1991 ലെ ജി.ഒ. (പി) നം 45/91/പി&എ.ആർ.ഡി ഉത്തരവ് പ്രകാരം ജനനതീയതിയിൽ തിരുത്തൽ ഉണ്ടെങ്കിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ 5 വർഷത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

Signed by
Nandakumar.k.v
Date: 03-09-2024 20:33:50

DR NANDAKUMAR K V
ADDITIONAL DIRECTOR (MEDICAL AND HOSPITAL ADMINISTRATION)

സ്വീകർത്താവ്: വിമൽ ദാസ്.വി.വി.

പകർപ്പ് :
1. ജില്ലാ മെഡിക്കൽ ഓഫീസർ, എറണാകുളം
2. സൂപ്രണ്ട്, ജില്ലാ ആശുപത്രി, എറണാകുളം
3. ഫയൽ/കരുതൽ ഫയൽ